RCS/8192/2024-G(4)

സഹകരണസംഘം രജിസ്ട്രാർ ഓഫീസ്
തിരുവനന്തപുരം, തീയതി 08.08.2024

**സർക്കുലർ നമ്പർ 20/2024**

വിഷയം-സഹകരണവകുപ്പ്- വയനാട് പ്രകൃതിദുരന്തം സഹകരണ സ്ഥാപനങ്ങൾ സംഭാവന നൽകുന്നത്-നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്

കേരളക്കരയാകെ ദുഃഖം വിതച്ചുകൊണ്ട് ധാരാളം പേർക്ക് ജീവഹാനി വരുത്തിക്കൊണ്ടും അതിലേറെപേർക്ക് ദുരിതങ്ങൾ നൽകികൊണ്ടുമാണ് വയനാട് ജില്ലയിൽ പ്രകൃതി അതിന്റെ സംഹാരതാണ്ഡവം നടത്തിയിട്ടുള്ളത്. ഒരു പ്രദേശമാകെ തുടച്ചുനീക്കി കോടിക്കണക്കിന് രൂപയുടെ നാശ നഷ്ടങ്ങൾ വരുത്തി കൊണ്ടാണ് വയനാട് ജില്ലയിൽ ഉരുൾപൊട്ടൽ സംഭവിച്ചിട്ടുള്ളത്. നിരവധി കുടുംബങ്ങൾക്ക് അവരുടെ വീടുകളും,റോഡുകൾ, പാലങ്ങൾ മറ്റു ലഭ്യമായിരുന്ന എല്ലാ സാമൂഹിക സൗകര്യങ്ങളും പൂർണ്ണമായിതന്നെ നഷ്ടപ്പെട്ടിരിക്കുകയാണ്. ബന്ധുക്കളും,വീടുകളും,സമ്പത്തും നഷ്ടപ്പെട്ട ഒട്ടനവധി പേർ ഇപ്പോഴും സർക്കാർ ഒരുക്കിയ ക്യാമ്പുകളിൽ അഭയം തേടിയിരിക്കുകയാണ്. ഇവർക്കെല്ലാം തന്നെ അത്യാവശ്യ സൗകര്യങ്ങൾ ഒരുക്കിക്കൊണ്ട് പുനരധിവസിപ്പിക്കേണ്ടത് സാമൂഹ്യപ്രതിബന്ധതയിലൂന്നിയുള്ള നമ്മുടെ കടമയാണ്.

2018 വർഷത്തിൽ കേരളമാകെ വൻപ്രളയത്തിൽപ്പെട്ട് വലിയ നാശനഷ്ടങ്ങൾ സംഭവിച്ച സാഹചര്യമുണ്ടായെങ്കിലും കേരളത്തിലെ സർക്കാർ, വിവിധ സാമൂഹിക സാംസ്കാരിക സംഘടനകൾ ഉൾപ്പെടെയുള്ള വിവിധ ജനവിഭാഗങ്ങളുടെ കൂട്ടായപരിശ്രമത്തിലൂടെ വെല്ലുവിളികളെയെല്ലാം അതിജീവിച്ച് ഒരു നവ കേരളത്തെ തന്നെ സൃഷ്ടിച്ചപാരമ്പര്യം നമുക്കുണ്ട്. സഹകരണ മേഖലയാണ് അന്ന് ഏറ്റവും മുൻപന്തിയിൽനിന്ന് പരമാവധി സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നൽകി സഹായിച്ചിട്ടുള്ളതെന്ന വസ്തുത വിസ്മരിക്കാനാവില്ല. അത്തരമൊരു സ്ഥിതിവിശേഷം സംഭവിച്ച വയനാട് ജില്ലയിലെ ദുരന്തബാധിതർക്ക് സഹായവുമായി കേരളത്തിലെ സഹകരണപ്രസ്ഥാനം ഒരിക്കൽകൂടി കൈകോർക്കേണ്ടതുണ്ട്.അതിന്റെ ഭാഗമായി വയനാട് ജില്ലയിലെ പ്രകൃതിദുരന്തത്തിൽ പെട്ടവർക്കും ദുരിതബാധിതർക്കും സഹായം ലഭ്യമാക്കുന്നതിന് കേരളത്തിലെ വിവിധ വിഭാഗം സഹകരണ സ്ഥാപനങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് അവരുടെ പൊതുനന്മ ഫണ്ട്/ ജനറൽഫണ്ട് എന്നിവയിൽ നിന്നും സാമ്പത്തിക സ്ഥിതിക്കനുസരിച്ച് സംഭാവനകൾ നൽകുന്നതിന് അനുവദിച്ചുകൊണ്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

ദുരിതാശ്വാസനിധിയിലേക്കുള്ള സംഭാവനകൾ സംഘങ്ങൾ നേരിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അടക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ഭരണസമിതിയും ചീഫ് എക്സിക്യൂട്ടീവും നടപടി സ്വീകരിക്കാവുന്നതാണ്. ഇതോടൊപ്പം താഴെ ചേർത്തിരിക്കുന്ന അക്കൗണ്ടിലേക്കാണ് സംഭാവനകൾ അടക്കേണ്ടത്. ചെക്കായോ, ഡിഡി ആയോ തുക അടക്കുന്നവർ, പ്രിൻസിപ്പൽ സെക്രട്ടറി(ഫിനാൻസ്),ചീഫ് മിനിസ്റ്റേഴ്സ് ഡിസ്ട്രസ് റിലീഫ് ഫണ്ട്, സെക്രട്ടറിയേറ്റ്,തിരുവനന്തപുരം-695001 എന്ന വിലാസത്തിലും അയക്കേണ്ടതാണ്. ഓരോ ജില്ലയിൽ നിന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെദുരിതാശ്വാസനിധിയിലേക്ക് സഹകരണ സ്ഥാപനങ്ങൾ നൽകുന്ന ധനസഹായം സംബന്ധിച്ചകണക്കും വിവരങ്ങളും ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ ശേഖരിച്ച് സഹകരണസംഘം രജിസ്ട്രാറെ അറിയിക്കേണ്ടതാണ്.

KERALA BANK

A/c Number : 110110801000339
A/c Name : CHIEF MINISTER'S DISTRESS RELIEF FUND ACCOUNT
Branch : Head Office Branch, Thiruvananthapuram
IFSC : KSBK0000101

(ഒപ്പ്)
സുഭാഷ് ടി വി ഐഎഎസ്
സഹകരണ സംഘംരജിസ്ട്രാർ

പകർപ്പ് :

1)എല്ലാ ജോയിന്റ് രജിസ്ട്രാർ ജനറൽമാർക്കും എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
2)എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/അസിസ്റ്റന്റ്ഡയറക്ടർ (ഓഡിറ്റ്)മാർക്കും,(ജോയിന്റ് രജിസ്ട്രാർ രജിസ്ട്രാർ/ഡയറക്ടർ,(ജനറൽ /ഓഡിറ്റ്) മുഖേന)
3)എല്ലാ സഹകരണസ്ഥാപനങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന),
4)എല്ലാ അപ്പക്സ്സ്ഥാപനങ്ങൾക്കും
5)സ്റ്റോക്ക് ഫയൽ
6)വെബ് സൈറ്റ്

//ആജ്ഞാനുസരണം//

അഡീഷണൽ രജിസ്ട്രാർ(ജനറൽ)